# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 811** **10.2.2016- ലെ മറുപടിക്ക്**

## സർക്കാർ മെഡിക്കൽ കോളേജുകളിലെ ചികിത്സാ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജമീലാ പ്രകാശം<br>ശ്രീ. സി.കെ. നാണു<br>ശ്രീ.ജോസ് തെറ്റയിൽ<br>ശ്രീ. മാത്യു റ്റി. തോമസ് | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിൽ എത്ര മെഡിക്കൽ കോളേജുകളാണ് സർക്കാരിന്റെ ഉടമസ്ഥയിൽ പ്രവർത്തിക്കുന്നത്; അവ ഏതെല്ലാം; | (എ) കേരളത്തിൽ അദ്ധ്യയനം നടക്കുന്ന 9 മെഡിക്കൽ കോളേജുകൾ സർക്കാരിന്റെ ഉടമസ്ഥതയിൽ ഉണ്ട്. അവ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, ഇടുക്കി, മഞ്ചേരി, എറണാകുളം, പട്ടികജാതി വകുപ്പിന്റെ കീഴിലുള്ള പാലക്കാട് മെഡിക്കൽ കോളേജ് എന്നിവയാണ്. ഇതു കൂടാതെ ഇ.എസ്.ഐ കോർപ്പറേഷനു കീഴിലുള്ള പാരിപ്പള്ളി മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. പുതുതായി ആരംഭിക്കുന്ന കോന്നി മെഡിക്കൽ കോളേജും തിരുവനന്തപുരം ജി.എച്ച്. ക്യാമ്പസ് മെഡിക്കൽ കോളേജും സർക്കാർ ഉടമസ്ഥതയിലുള്ളവയാണ്. |
| (ബി) ഈ മെഡിക്കൽ കോളേജുകളിൽ സ്കാനിംഗിനും മറ്റും നിലവിലുള്ള സൗകര്യങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മെഡിക്കൽ കോളേജുകളിൽ സ്കാനിംഗിനു വേണ്ടി അൾട്രാ സൗണ്ട് സ്കാനർ, സി.റ്റി. സ്കാനർ, എം. ആർ.ഐ. തുടങ്ങിയ സംവിധാനങ്ങൾ പ്രവർത്തിക്കുന്നു. |

(സി) മെഡിക്കൽ കോളേജുകളുടേയും മറ്റ് സർക്കാർ ചികിത്സാ സംവിധാനങ്ങളുടെയും പോരായ്മ സംബന്ധിച്ച് ദൃശ്യമാധ്യമങ്ങൾ ചൂണ്ടിക്കാണിച്ച കാര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) എങ്കിൽ അവ സംബന്ധിച്ച വിശദാംശങ്ങളും അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ?

(ഡി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരു എം. ആർ.ഐ. സ്കാനറും, രണ്ട് സി.റ്റി. സ്കാനറും വാങ്ങാനുള്ള നടപടികൾ നടന്നു വരുന്നു. ആലപ്പുഴ മെഡിക്കൽ കോളേജിൽ 16 സ്ലൈസ് സി.റ്റി. സ്കാനർ വാങ്ങാനുള്ള നടപടികളും പുരോഗമിക്കുന്നു. മറ്റ് മെഡിക്കൽ കോളേജുകളിലും എച്ച്. എൽ. എൽ. ലുമായി സഹകരിച്ച് കൂടുതൽ എം. ആർ.ഐ. സ്കാനറുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ